**FIRST TERMINAL EVALUATION 2023-’24**
**SOCIAL SCIENCE - ANSWER KEY**

**STD X**

*Colin Jose E*
*Dr.AMMR GOVT HSS Kattela*
*Thiruvananthapuram*

*Biju.M*
*GHSS Parappa*
*Kasargod*

| Qn.No. | Scoring Indicators | Total Score |
|---|---|---|
| **Answer any 7 questions from 1 to 8** | | |
| 1 | **മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ:**<br>• വിദ്യാഭ്യാസം<br>• ആരോഗ്യപരിപാലനം | 2 |
| 2 | **സ്റ്റാൻഡേർഡ് സമയം:**<br>• ഒരു രാജ്യത്തിന്റെ മാനകരേഖാംശത്തിലെ സമയമാണ് ആ രാജ്യത്തിന്റെ മാനകസമയം (സ്റ്റാൻഡേർഡ് സമയം )<br>• 82 $^{1}/_{2}$° പൂർവരേഖാംശം. | 2 |
| 3 | **ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ:**<br>• ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്ന് രക്ഷിക്കുക.<br>• അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.<br>• ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. | 2 |
| 4 | **അഖിലേന്ത്യാസർവീസ്:**<br>• ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു<br>• കേന്ദ്രസർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു<br>ഉദാ:<br>• ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)<br>• ഇന്ത്യൻ പോലീസ് സർവീസ് (IPS) | 2 |
| 5 | **ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്:**<br>• 1774 ൽ ഫിലാഡൽഫിയയിൽ ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് ചേർന്നു.<br>• വ്യവസായങ്ങൾക്കും വ്യാപാരത്തിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നീക്കണമെന്നും തങ്ങളുടെ അംഗീകാരമില്ലാതെ നികുതി ചുമത്തരുതെന്നും ആവശ്യപ്പെട്ട് ഇവർ ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി.<br>• എന്നാൽ രാജാവ് സൈന്യത്തെ അയച്ചത് ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധത്തിന് കാരണമായി. | 2 |

| | | |
|---|---|---|
| 6 | **മൊറോക്കൻ പ്രതിസന്ധി:**<br>• 1904 ൽ ബ്രിട്ടനും ഫ്രാൻസ് തമ്മിലുണ്ടാക്കിയ രഹസ്യ കരാർ അനുസരിച്ച് മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു.<br>• എന്നാൽ മൊറോക്കോ കൈവശപ്പെടുത്താൻ ആഗ്രഹിച്ച ജർമ്മനി ഇത് അംഗീകരിച്ചില്ല.<br>• മൊറോക്കൻ തുറമുഖമായ അയഡീറിലേക്ക് ജർമ്മനി യുദ്ധക്കപ്പലുകൾ അയച്ചു.<br>• തുടർന്നുള്ള അനുരഞ്ജനചർച്ചയിൽ ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമ്മനിക്ക് നൽകി ഫ്രാൻസ് ഈ പ്രശ്നം പരിഹരിച്ചു. | 2 |
| 7 | **ജനസംഖ്യാ പഠനത്തിന്റെ പ്രാധാന്യം:**<br>• രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയാൻ.<br>• ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അറിയാൻ.<br>• ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ.<br>• സാമ്പത്തിക - സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കാൻ. | 2 |
| 8 | **ഹേമന്തകാലത്തിന്റെ പ്രത്യേകതകൾ:**<br>• വേനലിൽ നിന്നും ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം.<br>• അന്തരീക്ഷ ഊഷ്മാവ് ഗണ്യമായി കുറയുന്നു.<br>• പകലിന്റെ ദൈർഘ്യം കുറഞ്ഞ് രാത്രിയുടെ ദൈർഘ്യം കൂടുന്നു.<br>• മരങ്ങൾ ഇല പൊഴിക്കുന്ന കാലം.<br>• സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ ഉത്തരാർദ്ധഗോളത്തിൽ ഹേമന്തകാലമാണ്. | 2 |
| **Answer any 6 questions from 9 to 15** | | |
| 9 | **മാവോ സെ തുംഗ്:**<br>• ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായി മാവോ സെ തുംഗ് ഉയർന്നുവന്നു.<br>• 1934 ൽ കമ്മ്യൂണിസ്റ്റുകൾ മാവോയുടെ നേതൃത്വത്തിൽ തെക്കൻ ചൈനയിലെ കിയാങ്സിയിൽനിന്ന് ഒരു യാത്ര ആരംഭിച്ചു.<br>• ഏദേശം 12000 കിലോമീറ്റർ സഞ്ചരിച്ച ഈ യാത്ര 'ലോങ്മാർച്ച്' എന്നറിയപ്പെടുന്നു.<br>• യാത്രയിലുടനീളം ധാരാളം കൃഷിഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽനിന്നും പിടിച്ചെടുത്ത് കർഷകർക്ക് നൽകി.<br>• മാവോയുടെ നേതൃത്വത്തിലുള്ള 'ചുവപ്പുസേന' കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി. | 3 |

| | | |
|---|---|---|
| 10 | <u>ലോക്പാൽ.</u><br>• ദേശീയതലത്തിൽ അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനമാണ്  ലോക്പാൽ.<br>• പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ കേസെടുത്ത് അന്വേഷിക്കാനും നടപടികൾ നിർദ്ദേശിക്കാനും ലോക്പാലിന് അധികാരമുണ്ട്.<br><u>ലോകായുക്ത.</u><br>• സംസ്ഥാനതലത്തിൽ അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനമാണ് ലോകായുക്ത.<br>• കോടതി നടപടികളുടെ രീതിയാണ് ഇവയ്ക്കുള്ളത്. | 3 |
| 11 | **മൺസൂൺ കാറ്റുകളുടെ രൂപം കൊള്ളലിന് കാരണമാകുന്ന ഘടകങ്ങൾ:**<br>• സൂര്യന്റെ അയനം<br>• കോറിയോലിസ് പ്രഭാവം<br>• തപനത്തിലെ വ്യത്യാസങ്ങൾ | 3 |
| 12 | **ഗ്രീനിച്ച് രേഖയുടെ പ്രാധാന്യം:**<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കുന്നത്.<br>• ഗ്രീനിച്ച് രേഖയിലെ പ്രാദേശികസമയത്തെ ഗ്രീനിച്ച് സമയം എന്നു പറയുന്നു.<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരുമണിക്കൂർ വീതം സമയവ്യത്യാസമുള്ള 24 സമയമേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു. | 3 |
| 13 | **കോളനി ഭരണം ലാറ്റിനമേരിക്കൻ ജനതയെ ബാധിച്ചത്:**<br>• എല്ലാ രംഗങ്ങളിലും വംശീയവിവേചനം പുലർത്തി.<br>• ലാറ്റിനമേരിക്കൻ ജനതയുടെ സമ്പത്തും വിഭവങ്ങളും കൊള്ളയടിച്ചു.<br>• അടിമകളെപ്പോലെ പണിയെടുപ്പിച്ചു.<br>• യൂറോപ്യരിൽനിന്ന് പുതിയ രോഗങ്ങൾ  ലാറ്റിനമേരിക്കൻ ജനതയിലേക്ക് പകർന്നു.<br>• സ്പാനിഷ് കൃഷിരീതികളും കാർഷികവിളകളും കോളനികളിൽ നടപ്പിലാക്കി.<br>• സ്പെയിൻകാരും പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും മതവും ആചാരവും അവിടെ നടപ്പിലാക്കി.<br>• സ്പാനിഷ് ശൈലിയിൽ വീടുകളും ദേവാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു. | 3 |
| 14 | **ഫാഷിസത്തിന്റെ സവിശേഷതകൾ:**<br>• ജനാധിപത്യത്തോടുള്ള വിരോധം. | |

<table>
<tr><td></td><td><ul><li>സോഷ്യലിസത്തോടുള്ള എതിർപ്പ്.</li><li>യുദ്ധത്തെ മഹത്വവൽക്കരിക്കൽ.</li><li>തീവ്രദേശീയത പ്രചരിപ്പിക്കൽ.</li><li>വംശമഹിമ ഉയർത്തിപ്പിടിക്കൽ.</li><li>സൈനീകസ്വേച്ഛാധിപത്യം.</li><li>ഭൂതകാലത്തെ പ്രകീർത്തിക്കൽ.</li></ul></td><td>3</td></tr>
<tr><td>15</td><td>കോറിയോലിസ് ബലവും കാറ്റുകളുടെ ദിശയും:<ul><li>ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾ ഭൂമിയുടെ ഭ്രമണത്താൽ ഉത്തരാർദ്ധഗോളത്തിൽ അവയുടെ സഞ്ചാരദിശയ്ക്ക് വലത്തോട്ടും ദക്ഷിണാർദ്ധഗോളത്തിൽ സഞ്ചാരദിശയ്ക്ക് ഇടത്തോട്ടും വ്യതിചലിക്കുന്നു. ഇതിന് കാരണമാകുന്ന ബലമാണ് <u>കോറിയോലിസ് ബലം.</u><br>കോറിയോലിസ് ബലത്തിന്റെ പ്രഭാവത്താൽ ഉത്തരാർദ്ധഗോളത്തിൽ കാറ്റുകൾ സഞ്ചാരയ്ക്ക് വലതുവശത്തേക്കും ദക്ഷിണാർദ്ധഗോളത്തിൽ സഞ്ചാരയ്ക്ക് ഇടതുവശത്തേക്കും വ്യതിചലിക്കുന്നു.</li></ul></td><td>3</td></tr>
<tr><td colspan="3">Answer any 9 questions from 16 to 25</td></tr>
<tr><td>16</td><td><table><tr><td>അഡോൾഫ് ഹിറ്റ്ലർ</td><td>ഗസ്റ്റപ്പോ</td></tr><tr><td>ബനിറ്റോ മുസോളിനി</td><td>കരിങ്കുപ്പായക്കാർ</td></tr><tr><td>യാസർ അറഫാത്ത്</td><td>പലസ്തീൻ വിമോചന സംഘടന</td></tr><tr><td>ഗമാൽ അബ്ദുൽ നാസർ</td><td>ചേരിചേരാപ്രസ്ഥാനം</td></tr></table></td><td>4</td></tr>
<tr><td>17</td><td>റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ:<ul><li>ഒന്നാം ലോകായുദ്ധത്തിൽ നിന്ന് റഷ്യ പിന്മാറി.</li><li>ഭൂമി പിടിച്ചെടുത്തു കർഷകർക്ക് വിഹാരണം ചെയ്തു.</li><li>പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം കൊടുത്തു.</li><li>കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.</li><li>സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെട്ടു.</li><li>ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി.</li></ul></td><td>4</td></tr>
<tr><td>18</td><td>പൊതുഭരണത്തിന്റെ പ്രാധാന്യം:<ul><li>ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.</li><li>ജനക്ഷേമം ഉറപ്പാക്കുന്നു.</li><li>ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.</li><li>സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.</li></ul></td><td>4</td></tr>
<tr><td>19</td><td>മാനവവിഭവശേഷി വികസനത്തിന്റെ തലങ്ങൾ:</td><td></td></tr>
</table>

| | | |
|---|---|---|
| | • **വ്യക്തികൾ** സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.<br>• **കുടുംബം** വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.<br>• **വിവിധ സ്ഥാപനങ്ങളും ഏജൻസികളും** പഠനം , പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.<br>• **രാഷ്ട്രം** ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു. | **4** |
| **20** | **അന്താരാഷ്ട്രദിനാങ്ക രേഖയുടെ പ്രാധാന്യം:**<br>• $180^0$ രേഖാംശ രേഖയാണ് അന്താരാഷ്ട്രദിനാങ്കരേഖ.<br>• ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂറിന്റെ സമയവ്യത്യാസം ഉണ്ട്.<br>• ഈ രേഖ മുറിച്ച് കടന്ന് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരികൾ കലണ്ടറിൽ ഒരുദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരുദിവസം കുറച്ചും സമയം കണക്കാക്കുന്നു.<br>• കരഭാഗം ഒഴിവാക്കിയാണ് ഈ രേഖ കടന്നുപോകുന്നത്.<br>• ഈ രേഖാംശരേഖ നേർരേഖയല്ല | **4** |
| **21** | **പ്രാദേശിക വാതങ്ങൾ:**<br>A) ചിനൂക്ക്<br>B) ലൂ<br>C) ഫൊൻ<br>D) മാംഗോഷവേഴ്സ് | **4** |
| **22** | **ഇ – ഗവേണൻസ് കൊണ്ടുള്ള നേട്ടങ്ങൾ:**<br>• സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ട.<br>• വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.<br>• സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.<br>• ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു. | **4** |
| **23** | **റയട്ട് വാരി വ്യവസ്ഥ**<br>• കർഷകനിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു.<br>• അമിതമായ നികുതി നിരക്ക്.<br>• നികുതി നിരക്ക് ഇടയ്ക്കിടെ വർദ്ധിപ്പിച്ചു.<br>• കർഷകർ ഭൂഉടമകൾ.<br>**മഹൽവാരി വ്യവസ്ഥ**<br>• ഗ്രാമത്തലവന്മാരായിരുന്നു നികുതി പിരിച്ചിരുന്നത്.<br>• നികുതി നിരക്ക് അമിതമായിരുന്നു. | **4** |

| | | |
|---|---|---|
| | • ഗ്രാമത്തെ(മഹൽ)ഒരുയൂണിറ്റായി കണക്കാക്കിയായിരുന്ന നികുതി പിരിച്ചിരുന്നത്. | |
| **24** | **<u>ഉപോഷ്ണ ഉച്ചമർദമേഖല</u>**<br>• മധ്യരേഖാ പ്രദേശത്ത് നിന്ന് ചൂട്പിടിച്ച് ഉയരുന്ന വായു ക്രമേണ തണുത്ത് ഭൂഭ്രമണത്തിന്റെ സ്വാധീനത്താൽ ഉപോഷ്ണമേഖലയിൽ എത്തുമ്പോഴേയ്ക്കും താഴുന്നു. അതിനാൽ ഇവിടെ ഉച്ചമർദം അനുഭവപ്പെടുന്നു.<br>**<u>ഉപധ്രുവീയ ന്യൂനമർദമേഖല</u>**<br>• ഇവിടുത്തെ തണുത്ത വായു ഭൂമിയുടെ ഭ്രമണം മൂലം മുകളിലേക്ക് ശക്തമായി ചുഴറ്റി എറിയപ്പെടുന്നു. അതിനാൽ ഇവിടെ ന്യൂനമർദം അനുഭവപ്പെടുന്നു. | **4** |
| **25** | **<u>ഉത്തരായനം</u>**<br>• ശൈത്യ അയനന്തദിനത്തെത്തുടർന്ന് സൂര്യൻ ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായന രേഖയിലേക്കുള്ള അയനം ആരംഭിക്കുകയും ജൂൺ 21 ന് ഉത്തരായന രേഖയ്ക്ക് നേർമുകളിലെത്തുകയും ചെയ്യുന്നു.<br>• ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ഉത്തരായനം എന്നു വിളിക്കുന്നു.<br>• ഈ കാലത്ത് ഉത്തരാർദ്ധഗോളത്തിൽ പകലിന്റെ ദൈർഘ്യം കൂടിവരുന്നു.<br>**<u>ദക്ഷിണായനം</u>**<br>• ഗ്രീഷ്മ അയനന്തദിനത്തെത്തുടർന്ന് സൂര്യൻ ഉത്തരായന രേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്ക് അയനം ആരംഭിക്കുകയും ഡിസംബർ 22 ന് ദക്ഷിണായനരേഖയ്ക്ക് നേർമുകളിലെത്തുകയും ചെയ്യുന്നു.<br>• ഉത്തരായന രേഖയിയിൽ നിന്നും ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ദക്ഷിണായനം എന്നു വിളിക്കുന്നു.<br>• ഈ കാലത്ത് ഉത്തരാർദ്ധഗോളത്തിൽ പകലിന്റെ ദൈർഘ്യം കുറയുന്നു. | **4** |
| **Qn 26,27** | | |
| **26** | **ഫ്രഞ്ച് സമൂഹം:**<br>**<u>ഒന്നാം എസ്റ്റേറ്റ്</u>**<br>• പുരോഹിതന്മാരുടെ സഭ.<br>• ധാരാളം ഭൂപ്രദേശം കൈവശം വെച്ചു.<br>• കർഷകരിൽനിന്ന് 'തിഥെ' എന്ന പേരിലുള്ള നികുതി പിരിച്ചു.<br>• എല്ലാത്തരം നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു.<br>• ഭരണത്തിലെയും സൈന്യത്തിലെയും ഉയർന്ന പദവികൾ നിയന്ത്രിച്ചു.<br>**<u>രണ്ടാം എസ്റ്റേറ്റ്</u>**<br>• പ്രഭുക്കന്മാരുടെ സഭ. | |

- സൈനിക സേവനം നടത്തി.
- കർഷകരിൽനിന്ന് പലതരം നികുതികൾ പിരിച്ചു.
- വേതനം നൽകാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിച്ചു.
- നികുതികളിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നു.
- ആഡംബരജീവിതം നയിച്ചു.
- വിശാലമായ ഭൂപ്രദേശം കൈവശം വച്ചു.

**മൂന്നാം എസ്റ്റേറ്റ്**

- മധ്യവർഗക്കാർ ,കർഷകർ ,കൈത്തൊഴിലുകാർ.
- ജനങ്ങൾ 'തൈലേ' എന്ന പേരിലുള്ള ഭൂനികുതി സർക്കാരിന് നൽകണം.
- ഭരണത്തിൽ ഒരവകാശവും ഉണ്ടായിരുന്നില്ല
- താഴ്ന്ന സാമൂഹികപദവി ആയിരുന്നു
- പുരോഹിതന്മാർക്കും പ്രഭുക്കന്മാർക്കും നികുതി നൽകണം

**ചിന്തകന്മാരുടെ സ്വാധീനം:**

***വോൾട്ടയർ***

• പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു.
• യുക്തി ചിന്ത ,സമത്വം ,മനുഷ്യസ്നേഹം എന്നിവ പ്രോത്സാഹിപ്പിച്ചു.

**റൂസ്സോ**

• സ്വതന്ത്രമായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ് എന്ന വാക്കുകളിലൂടെ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം വ്യക്തമാക്കി.
• ജനങ്ങളാണ് പരമാധികാരിയെന്ന് പ്രഖ്യാപിച്ചു.

**മൊണ്ടസ്ക്യൂ**

• ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു.
• ഗവൺമെന്റിനെ നിയമനിർമ്മാണം ,കാര്യനിർവഹണം ,നീതിന്യായം എന്നി വിഭാഗങ്ങളായി തിരിക്കണമെന്ന് വാദിച്ചു.

**6**

**OR**

**രണ്ടാം ലോകായുദ്ധത്തിന്റെ  കാരണങ്ങൾ:**

- സൈനിക സഖ്യങ്ങളുടെ രൂപീകരണം.
- പ്രീണനനയം.
- ജർമ്മനി പോളണ്ടിനെ ആക്രമിച്ചത്.

**സൈനിക സഖ്യങ്ങളുടെ രൂപീകരണം**

- ജർമനിയും ഇറ്റലിയും ജപ്പാനും അച്ചുതണ്ടുസഖ്യത്തിന് രൂപം നൽകി.
- ഇംഗ്ലണ്ട് , ഫ്രാൻസ്,ചൈന എന്നീ രാജ്യങ്ങൾ ചേർന്ന് സഖ്യശക്തികൾ എന്ന സൈനികസഖ്യത്തിന് രൂപം നൽകി.

**പ്രീണന നയം**

- ജർമനിയും,ഇറ്റലിയും,ജപ്പാനും വിവിധ രാജ്യങ്ങളെ ആക്രമിച്ചപ്പോൾ ബ്രിട്ടൻ,ഫ്രാൻസ്,തുടങ്ങിയ രാജ്യങ്ങൾ ഈ ആക്രമണങ്ങളെ ചെറുത്തില്ല.
- സോഷ്യലിസ്റ്റ് രാജ്യമായ സോവിയറ്റ് യൂണിയനെയാണ് അവർ

| | | |
|---|---|---|
| | മുഖ്യശത്രുവായി കണ്ടത്.<br>• ഫാഷിസ്റ്റ് ആക്രമണങ്ങൾക്ക് പ്രോത്സാഹനം നൽകിയ ഈ നയം പ്രീണനനയം എന്നറിയപ്പെടുന്നു.<br>**<u>ജർമ്മനി പോളണ്ടിനെ ആക്രമിച്ചത്</u>**<br>• 1939 സെപ്റ്റംബർ 1 ന് ജർമനി പോളണ്ടിനെ ആക്രമിച്ചു.<br>• ഇതിനെത്തുടർന്ന് സെപ്റ്റംബർ 3 ന് സഖ്യശക്തികൾ ജർമനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു.<br>• അത് രണ്ടാം ലോകയുദ്ധത്തിന് തുടക്കം കുറിച്ചു.<br>**<u>ഫലങ്ങൾ</u>**<br>• ദശലക്ഷക്കണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടു.<br>• യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികനില തകർന്നു.<br>• യൂറോപ്യൻ രാഷ്ട്രങ്ങളുടെ ലോക മേധാവിത്വം തകർന്നു.<br>• ഏഷ്യൻ-ആഫ്രിക്കൻ രജ്യങ്ങളുടെ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.<br>• അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.<br>• ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു. | |
| **27** | **ആഗോളവാതങ്ങൾ :**<br>വാണിജ്യവാതങ്ങൾ<br>പശ്ചിമവാതങ്ങൾ<br>ധ്രുവീയപൂർവവാതങ്ങൾ<br>**<u>വാണിജ്യവാതങ്ങൾ</u>**<br>• ഉപോഷ്ണ ഉച്ചമർദ്ദമേഖലയിൽ നിന്ന് മധ്യരേഖാ ന്യൂനമർദ്ദമേഖലയിലേക്ക് വീശുന്ന കാറ്റുകളാണ് വാണിജ്യവാതങ്ങൾ.<br>• ഉത്തരാർദ്ധഗോളത്തിൽ ഇവ വടക്ക് കിഴക്ക് ദിശയിൽ വീശുന്നതിനാൽ ഈ കാറ്റുകളെ വടക്ക് കിഴക്കൻ വാണിജ്യവാതങ്ങൾ എന്ന് വിളിക്കുന്നു.<br>• ദക്ഷിണാർദ്ധ ഗോളത്തിൽ തെക്ക് കിഴക്ക് ദിശയിൽ വീശുന്നതിനാൽ ഇവയെ തെക്ക് കിഴക്കൻ വാണിജ്യവാതങ്ങൾ എന്ന് വിളിക്കുന്നു.<br>**<u>പശ്ചിമവാതങ്ങൾ</u>**<br>• ഉപോഷ്ണ ഉച്ചമർദ്ദമേഖലയിൽ നിന്നും ഉപധ്രുവീയ ന്യൂനമർദമേഖലയിലേക്ക് വീശുന്ന കാറ്റുകളാണ് പശ്ചിമവാതങ്ങൾ.<br>• കാറ്റിന്റെ ദിശ ഏറക്കുറേ പടിഞ്ഞാറ് നിന്നായതുകൊണ്ടാണ് ഇവയെ പശ്ചിമവാതങ്ങൾ എന്ന് വിളിക്കുന്നത്.<br>• ഇവ ഉത്തരാർദ്ധഗോളത്തിൽ പടിഞ്ഞാറ് നിന്നും വടക്ക് കിഴക്കോട്ടും ദക്ഷിണാർദ്ധ ഗോളത്തിൽ പടിഞ്ഞാറ് നിന്നും തെക്ക് കിഴക്കോട്ടും വീശുന്നു.<br>**<u>ധ്രുവീയ പൂർവവാതങ്ങൾ</u>**<br>• ധ്രുവീയഉച്ചമർദ മേഖലകളിൽ നിന്നും ഉപധ്രുവീയന്യൂനമർദമേഖലയിലേക്ക് വീശിക്കൊണ്ടിരിക്കുന്ന കാറ്റുകൾ.<br>• കോറിയോലിസ് ബലം നിമിത്തം ഇവാ ഇരു അർദ്ധഗോളങ്ങളിലും | |

| | | |
|---|---|---|
| | കിഴക്ക ദിശയിൽ നിന്ന് വീശുന്നതിനാൽ ഇവ ധ്രുവീയ പൂർവവാതങ്ങൾ എന്നറിയപ്പെടുന്നു.<br><br>**OR**<br><br>**ഉത്തരായനരേഖ:**<br>• **ഗ്രീഷ്മ അയനാന്തദിനം**<br>• ജൂൺ 21 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായന രേഖയ്ക്ക് മുകളിലായിരിക്കും.<br>• ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു<br>**ഭൂമധ്യരേഖ:**<br>• **സമരാത്രദിനങ്ങൾ അഥവാ വിഷുവങ്ങൾ**<br>• പരിക്രമണവേളയിൽ സൂര്യന്റെ ആപേക്ഷികസ്ഥാനം മധ്യരേഖയ്ക്ക് നേരെ മുകളിൽ എത്തുന്നത് മാർച്ച് 21, സെപ്റ്റംബർ 23 എന്നീ ദിവസങ്ങകളിലാണ്.<br>• അതുകൊണ്ടുതന്നെ ഈ ദിനങ്ങളിൽ രണ്ട് അർദ്ധഗോളങ്ങളിലും പകലിന്റെ ദൈർഘ്യം തുല്ല്യമായിരിക്കും.<br>**ദക്ഷിണായനരേഖ:**<br>• **ശൈത്യ അയനാന്തദിനം**<br>• ഡിസംബർ 22 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം ദക്ഷിണായന രേഖയ്ക്ക് മുകളിലായിരിക്കും.<br>• ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള രാത്രിയും ഏറ്റവും ഹ്രസ്വമായ പകലും അനുഭവപ്പെടുന്നു. | **6** |

***Colin Jose E*** ***Biju.M***
***Dr.AMMR GOVT HSS Kattela*** ***GHSSParappa***